"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - എറണാകുളം കോതമംഗലം സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസിന്റെ കോർപ്പറേറ്റ് മാനേജർ ശ്രീ വർഗ്ഗീസ് ടി.പി ഫയൽ ചെയ്ത WP(C) 40095/2023 നമ്പൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 30.11.2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2845/2024/GEDN തീയതി,തിരുവനന്തപുരം, 29-04-2024

പരാമർശം:-

1. എറണാകുളം കോതമംഗലം സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസിന്റെ കോർപ്പറേറ്റ് മാനേജർ ശ്രീ വർഗ്ഗീസ് ടി.പി സർക്കാരിൽ സമർപ്പിച്ച 15/11/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P5).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 40095/2023 നമ്പേലുള്ള 30.11.2023 തീയതി വിധിന്യായം.
3. കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02/02/2024 തീയതിയിലെ എഇഒകെഎൽജി/1295/2023-എഫ് നമ്പർ കത്ത്
4. പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ 03/02/2024 തീയതിയിലെ ഡ::ിഡിഇപികെഡി/6193/2023-ബി3നമ്പർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 05/02/2024 തീയതിയിലെ ആർഎ1/1276/2024/-ഡിജിഇ നമ്പർ കത്ത്.
6. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25/03/2024 തീയതിയിലെ ഡിഇഒപികെഡി/3363/2023-ബി4 നമ്പർ കത്ത്

ഉത്തരവ്

എറണാകുളം കോതമംഗലം സംഗീത സൊസൈറ്റി മാനേജ്മെന്റ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസിന്റെ കോർപ്പറേറ്റ് മാനേജർ ശ്രീ വർഗ്ഗീസ് ടി.പി ഫയൽ ചെയ്ത WP(C) 40095/2023 നമ്പേൽ നമ്പേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P5) പുന പരിശോധനാ ഹർജി ഹർജിക്കാരനെ കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരനെയും

ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 05.02.2024ൽ ഗ്രഗിൾമീറ്റ് മുഖാന്തിരം നേരിൽകേട്ടു.

2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു:

കൊല്ലങ്കോട്, അച്ചനാംകോട് സെന്റ് മേരീസ് എൽ പി സ്കൂളിൽ 2022-23 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 12 ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിച്ചിരുന്നു. ടി ഉത്തരവിൽ 3 അധിക ഡിവിഷനുകളും തസ്തികകളും കണ്ടെത്തിയിരുന്നു. എന്നാൽ ചട്ടപ്രകാരം AEO കണ്ടെത്തിയ അധിക ഡിവിഷനുകൾ അനുവദിച്ചുകൊണ്ടോ, നിരസിച്ചുകൊണ്ടോ സർക്കാർ ഇതുവരെയും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 2023-24 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിലും അധിക ഡിവിഷനുകൾ AEO ശുപാർശ ചെയ്തിട്ടില്ല. പ്രൊവിഷണൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആണെന്ന കാരണത്താലാണ് DGE അധിക ഡിവിഷനുകൾ ശുപാർശ ചെയ്യാത്തതെന്ന് കാണുന്നു. എന്നാൽ ഇതേ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. ഈ സാഹചര്യത്തിൽ എക്സിബിറ്റ് പി1, പി2 ഉത്തരവുകൾ റദ്ദ് ചെയ്യണമെന്നും, വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്ത് 2022-23, 2023-24 അദ്ധ്യയന വർഷത്തിൽ 3 അധിക ഡിവിഷനുകളും LPST തസ്തികകളും അനുവദിക്കണമെന്നും അപേക്ഷിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട് എന്നിവർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ പറയും പ്രകാരമാണ്:-

അച്ചനാംകോട് സെന്റ് മേരീസ് എൽ.പി.സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി സ്കൂളിനു 12 ഡിവിഷനുകളും അനുബന്ധ തസ്തികകളും അനുവദിച്ച് നൽകുകയും 3 അധിക ഡിവിഷനുകൾ ശിപാർശ ചെയ്യുകയുമുണ്ടായി. ആയതിന്മേൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂളിൽ ഹയർ ലെവൽ വിസിറ്റ് നടത്തിയതിൽ ടി സ്കൂളിൽ RCC റൂഫ്ഡ് ബിൽഡിംഗ്, ഷീറ്റ് റൂഫ്ഡ് ബിൽഡിംഗ് എന്നിവ ഉള്ളതിനാൽ Provisional Fitness ആണ് ടി സ്കൂളിനു നൽകിയിരിക്കുന്നത് എന്നതിനാൽ അധിക തസ്തിക അനുവദിക്കേണ്ടതില്ല എന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിന്റെ അധിക തസ്തിക പ്രൊപ്പോസൽ സർക്കാരിലേക്ക് ശിപാർശ ചെയ്യാതെ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിക്കുകയുണ്ടായി. 2023-24 വർഷത്തിലും തസ്തിക നിർണ്ണയത്തിനും Provisional Fitness തന്നെയാണ് സമർപ്പിച്ചിട്ടുള്ളതിനാൽ ടി വർഷത്തിലും അധിക ഡിവിഷൻ കൊല്ലങ്കോട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്തിട്ടില്ല.

18.04.2022ലെ സ.ഉ.(പി)നം.5/2022/പൊ.വി.വ പ്രകാരം 2022-23 അദ്ധ്യയന വർഷം മുതൽ അധിക തസ്തികകൾ അനുവദിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉന്നതതല പരിശോധന നടത്തി ശുപാർശ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നൽകേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന പ്രൊപ്പോസലുകളാണ് സർക്കാരിലേക്ക് ശിപാർശ ചെയ്ത് സമർപ്പിക്കുന്നത്. മേൽ വിഷയത്തിൽ അധിക തസ്തകകൾ അനുവദിക്കാൻ ഉന്നതതല പരിശോധനയെ തുടർന്ന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്തിട്ടില്ല.

4. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹിയറിംഗ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി

പരിശോധിച്ചു. അച്ചനാംകോട് സെന്റ് മേരീസ് എൽ പി സ്കൂളിലെ 2022-23 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം കൊല്ലങ്കോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 3 അധിക ഡിവിഷനുകൾ ശുപാർശ ചെയ്തുവെങ്കിലും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ ഹയർ ലെവൽ വിസിറ്റിൽ കെട്ടിടങ്ങൾ RCC ROOFED, ഷീറ്റ് റൂഫ്ഡ് ആയതിനാൽ Provisional Fitness ആണ് സ്കൂളിന് നൽകിയിരിക്കുന്നത് എന്നതിനാൽ അധിക തസ്തിക അനുവദിക്കേണ്ടതില്ല എന്ന് ശുപാർശ ചെയ്കയും ആയതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ടി പ്രൊപ്പോസൽ സർക്കാരിലേക്ക് ശുപാർശ ചെയ്യാതെ നിരസിക്കുകയുമുണ്ടായി. ഷീറ്റ് ഇട്ട കെട്ടിടങ്ങളിൽ അദ്ധ്യയനം നടത്തരുതെന്നും ആയത് മാറ്റേണ്ടതാണെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൊല്ലങ്കോട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ച 2022-23, 2023-24 തസ്തിക നിർണ്ണയ ഉത്തരവുകൾ (Exhibit P1& P2) റദ്ദ് ചെയ്യണമെന്നും, 2022-23, 2023-24 അദ്ധ്യയന വർഷങ്ങളിൽ അധിക ഡിവിഷനുകളും തസ്തികകളും അനുവദിക്കണമെന്നുമുള്ള ഹർജിക്കാരന്റെ പരാമർശം 1 (Ext. P5) ലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലങ്കോട്.
ശ്രീ വർഗ്ഗീസ് ടി.പി, കോർപ്പറേറ്റ് മാനേജർ, സംഗീത സൊസൈറ്റി
മാനേജ്മെന്റ് കോർപ്പറേറ്റ് എയ്ഡഡ് സ്കൂൾസ്, തട്ടേക്കാട്, പി ഒ,
കോതമംഗലം, എറണാകുളം
പ്രഥമാദ്ധ്യാപകൻ, സെന്റ് മേരീസ് എൽ.പി. സ്കൂൾ, അച്ചനാംകോട്,
പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 29-04-2024 16:06:30

സെക്ഷൻ ഓഫീസർ